**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1579** **11-10-2024 - ൽ മറുപടിയ്ക്ക്**

**കോൾപടവുകളിൽ സബ്മേഴ്സിബിൾ പമ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ കോൾപടവുകളിൽ സബ്മേഴ്സിബിൾ പമ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ റീബിൽഡ് കേരള ഇനീഷ്യേറ്റിവ് പദ്ധതിയിൽ പെട്ടി-പറ മാറ്റി സബ്മേഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിക്കുന്ന ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന 41 പമ്പ്സെറ്റുകളിൽ 35 പമ്പ്സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഒരു സ്ഥലത്തെ പമ്പ്സെറ്റ് സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചും, 5 സ്ഥലങ്ങളിൽ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ പ്രവൃത്തികൾ പൂർത്തിയാക്കിയും വരുന്നു.<br>രണ്ടാംഘട്ട പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ 6 പമ്പ്സെറ്റുകളിൽ 5 എണ്ണത്തിന് വിതരണ ഉത്തരവ് നൽകിയതിൽ, 3 പമ്പ്സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2 പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. ഒരു പമ്പ്സെറ്റ് വാങ്ങുന്നതിന് 25.09.2024-ൽ ലഭിച്ച ടെണ്ടർ അനുമതിയുടെ അടിസ്ഥാനത്തിൽ വിതരണ ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മണ്ഡലത്തിൽ RIDF - XXIX പദ്ധതിയിൽ പെട്ടി-പറ മാറ്റി 5 സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ